ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) സ്റ്റേറേജ് കാരേജുകളിൽ ചാർജ് നിരക്ക് നിശ്ചയിക്കുന്നത് സർക്കാരിന്റെ നിർദ്ദേശാനുസരണം സ്റ്റേറേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടിയുടെ അംഗീകാരത്തോടുകൂടെയാണ്. കെ.എസ്.ആർ.ടി.സി. വക ബസ്സുകൾ ഓടുന്ന റൂട്ടുകളിലും ചാർജ് നിരക്ക് ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം സ്റ്റേറേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടിയാണ് നിശ്ചയിക്കുന്നത്. ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി/63/76 പി. ഡബ്ലിയു. തീയതി 18.3.1976 പ്രകാരം ആണ് നിലവിലുള്ള ചാർജ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ചാർജ് വസൂലാക്കുന്നത് സ്റ്റേറേജ് അനുസരിച്ചാണ്. സ്റ്റേറേപ്പുകൾ കണക്കാക്കി ചാർജ് നിശ്ചയിക്കാനും വസൂലാക്കുന്നതിനും ബുദ്ധിമുട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

ഗിരിവർഗ്ഗക്കാരുടെ പുരോഗതിക്ക് ആവശ്യമായ റോഡുകൾ

* 634 [691] ശ്രീ. വി.ജെ. ജോസഫ്:

,, കെ.വി. കുര്യൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗക്കാരുടെ പുരോഗതിക്ക് അത്യാവശ്യമായിട്ടുള്ളതും അവരുടെ കോളനികളെ പരിഷ്കൃത ലോകവുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യവുമായ റോഡുകളുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരുടെ യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) മലയോര പ്രദേശങ്ങളിലുള്ള ഗിരിവർഗ്ഗസങ്കേതങ്ങളിലേക്ക് മതിയായ വിധത്തിൽ റോഡുകളില്ല.

(ബി) ഗിരിവർഗ്ഗക്കാരുടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽനിന്നും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ആയി നീക്കിവച്ചിട്ടുള്ള പത്തു ശതമാനം തുക വിനിയോഗിച്ചും, ട്രൈബൽ സബ്പ്ലാൻ ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റിൽ ട്രൈബൽ പ്രദേശങ്ങളുടെ വികസനത്തിന് നീക്കിവച്ചിട്ടുള്ള തുക വിനിയോഗിച്ചും, ട്രൈബൽ സബ് പ്ലാൻ ഇനത്തിൽ ലഭ്യമാകുന്ന പ്രത്യേക കേന്ദ്ര സഹായത്തിന്റെ ഒരു വിഹിതം വിനിയോഗിച്ചും ആവശ്യമായ റോഡുകൾ നിർമ്മിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly